1/3

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വൈറ്റില മൊബിലിറ്റി ഹബ് പ്രോജക്ടിന്റെ (ബസ് ടെർമിനൽ പ്രോജക്ട് ) ഉള്ളിലേയ്ക്കും പുറത്തേയ്ക്കുമുള്ള വാഹനഗതാഗത സൗകര്യം ഒരുക്കുന്നതിലേയ്ക്കായി സ്വകാര്യ ഭൂമി അർജൻസി ക്ലോസിലും ഫാസ്റ്റ് ട്രാക്കിലും ഉൾപ്പെടുത്തി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (എം.എസ്)നം: 235/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 28/9/2011

---

പരാമർശം:- 1. 25/1/10-ലെ സ.ഉ (എം.എസ്) നം.19/2010/തസ്വഭവ.

2. 12/10/2010-ലെ സ.ഉ (എം.എസ്) നം.236/10/തസ്വഭവ

3. വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിന് നൽകിയ കത്ത്.

## ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം വൈറ്റില ബസ് ടെർമിനൽ നടപ്പിലാക്കുന്നതിനായി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക്ക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി.

2. വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി തന്നെ സർക്കാർ ഭൂമിയ്ക്ക് വേണ്ടി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പ്രത്യേകം നടപടി സ്വീകരിക്കണമെന്ന വ്യവസ്ഥയോട് കൂടി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം വൈറ്റില മൊബിലിറ്റി ഹബ് പ്രോജക്ട് നടപ്പാക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്.

3. ഈ പ്രോജക്ട് ചുരുങ്ങിയ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതിനാൽ കണയന്നൂർ താലൂക്കിലെ പൂണിത്തുറ വില്ലേജിൽ വ്യത്യസ്ത സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 0.7928 ഹെക്ടർ സ്വകാര്യഭൂമി വൈറ്റില മൊബിലിറ്റി ഹബിന്റെ ഉള്ളിലേയ്ക്കും പുറത്തേയ്ക്കുമുള്ള ഗതാഗത സൗകര്യം ഒരുക്കുന്നതിലേയ്ക്കായി അർജൻസി ക്ലോസിലും ഫാസ്റ്റ് ട്രാക്കിലും ഉൾപ്പെടുത്തി ജില്ലാകളക്ടർ മുഖേന പൊന്നും വിലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്ന് വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം(3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വൈറ്റില മൊബിലിറ്റി ഹബ് പ്രോജക്ടിന്റെ ( ബസ് ടെർമിനൽ പ്രോജക്ട്) ഉള്ളിലേയ്ക്കും പുറത്തേയ്ക്കുമുള്ള വാഹനഗതാഗത സൗകര്യം ഒരുക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ താഴെപ്പറയുന്ന സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 0.7928 ഹെക്ടർ സ്വകാര്യ ഭൂമി കുടിയൊഴിക്കപ്പെടുന്നവരുണ്ടെങ്കിൽ അവർക്ക് ശരിയായ പുനരധിവാസ സൗകര്യം വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അർജൻസി ക്ലോസിലും

(.........2)

ഫാസ്റ്റ് ട്രാക്കിലും ഉൾപ്പെടുത്തി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഇതിലേയ്ക്കാവശ്യമായ തുക " 2217-03-051-99 Vyttila Mobility Hub Project" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

| ക്രമ നം. | താലൂക്ക് | വില്ലേജ് | സർവ്വേ നമ്പർ | ഏകദേശവിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കണയന്നൂർ | പൂണിത്തുറ | 731/1 pt | 0.2102 |
| 2 | " | " | 728/1 pt | 0.0158 |
| 3 | " | " | 728/2 pt | 0.0890 |
| 4 | " | " | 730/1 pt | 0.0935 |
| 5 | " | " | 730/7 | 0.1068 |
| 6 | " | " | 948/5 | 0.0836 |
| 7 | " | " | 948/6 | 0.0201 |
| 8 | " | " | 951/2 pt | 0.1319 |
| 9 | " | " | 951/3 | 0.0202 |
| 10 | " | " | 951/4 pt | 0.0199 |
| 11 | " | " | 959/12 pt | 0.0018 |

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ജെയിംസ് വർഗ്ഗീസ്

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി, എറണാകുളം

ജില്ലാകളക്ടർ, എറണാകുളം

അക്കൗണ്ടന്റ് ജനറൽ ( എ & ഇ) /(ആഡിറ്റ്),തിരുവനന്തപുരം

പൊതുഭരണ (എസ്.സി)വകുപ്പ്

(....... 3)

3/3

ധനകാര്യ വകുപ്പ് (നം. 65380/ധെവ. 3/11/ധന. പ്രകാരം)
റവന്യൂ വകുപ്പ് (നം. 21739/ബി1/11/ആർഡി. പ്രകാരം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ( നഗരകാര്യം) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ( ഗ്രാമവികസനം) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ( പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ പി.എ.